ചെയറിനുണ്ട്. ഡിമാൻറുകൾ ചർച്ചകൂടാതെ പാസ്സാക്കേണ്ടിവരികയെന്നുള്ളത് നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം ആദ്യമായിട്ടാണ്. ഇങ്ങനെയൊരു സംഭവം ഉണ്ടാകുന്നതും ആദ്യമാണ്. ഡിമാൻറുകൾ ചർച്ചചെയ്യാനുള്ള അവകാശം സഭയ്ക്കുണ്ട്. അത് അറിയാനുള്ള അവകാശം ജനങ്ങൾക്കുമുണ്ട്. പക്ഷേ അങ്ങനെയൊരു അവസരം ഇല്ലാതെപോയതിൽ സഭയോടും ജനങ്ങളോടുമുള്ള അഗാധമായ ഖേദം ചെയർ രേഖപ്പെടുത്തുകയാണ്. ഗവൺമെൻറ് ബിസിനസ് നടത്തിക്കൊടുക്കേണ്ടത് ഏറ്റവും ആവശ്യമായിട്ടുള്ള കാര്യമാണ്. അതിൽനിന്നും ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല. അതുകൊണ്ട് ചെയർ നടപടിക്രമങ്ങളുമായി പ്രൊസീഡ് ചെയ്യുകയാണ്. പ്രശ്നങ്ങൾ എത്രയുവേഗം പരിഹൃതമാകട്ടെ എന്ന് പ്രത്യാശിക്കുകയാണ്"

ധനകാര്യം

1986-87 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൻെറ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XLII —ഗതാഗതം

ധനാഭ്യർത്ഥന നമ്പർ IX—വാഹന നികുതികൾ

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, ഗതാഗതം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ എഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.*

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ പിന്താങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII—സാമൂഹ്യ വികസനം

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല:) സർ, സാമൂഹ്യവികസനം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ എഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1986-87 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.*

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ:) സർ, ഞാൻ പിന്താങ്ങുന്നു.

(ഖണ്ഡനോപക്ഷേപങ്ങളവതരിപ്പിക്കാൻ നോട്ടീസ് നൽകിയിരുന്ന അംഗങ്ങളെ ഓരോരുത്തരെയായി ബഹുമാനപ്പെട്ട സ്പീക്കർ ക്ഷണിച്ചുവെങ്കിലും ആരുംതന്നെ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കുകയുണ്ടായില്ല.)

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും വാഹന നികുതികളും എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കാളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക, 1986-87 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പ്രമേയം പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

സാമൂഹ്യവികസനം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിരുന്ന ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള 1986-87 വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

പ്രമേയം പാസ്സാക്കുകയും ഗ്രാൻറ് അനുവദിക്കുകയും ചെയ്തു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, "ഇന്ന് സഭ പിരിഞ്ഞശേഷം ഈ മാസം 21-ാം തീയതി വീണ്ടും സമ്മേളിച്ച് ഫൈനാൻഷ്യൽ ബിസിനസ്സും ഗവൺമെൻറ് ബിസിനസ്സും നടത്തേണ്ടതാണ്" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ:) സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

(പ്രമേയം സഭ അംഗീകരിച്ചു.)

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഈ മാസം 21-ാം തീയതി രാവിലെ 8-30ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലായ് മാസം 21-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30ന്-വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 12.52-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

ബഡ്ജറ്റ് എസ്റ്റിമേറ്റ് 1986–87

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	26-3-1986-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XLII	ഗതാഗതം	74,85,100	1,20,50,000	1,49,70,100	2,41,00,000	3,90,70,100
IX	വാഹന നികുതികൾ	59,00,300	..	1,18,00,700	..	1,18,00,700
XXXVII	സാമൂഹ്യ വികസനം	24,38,77,700	33,300	48,77,55,300	66,700	48,78,22,000

LIBRARY ARCHIVES Kerala Legislative Assembly